LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ടൈബൽ പ്ലസ് പദ്ധതിയിൽ 2020-21 വർഷത്തിലെ കൂടിശ്ശിക ഇനത്തിൽ 17.11 കോടി രൂപ അനുവദിക്കാനുണ്ടായിരുന്നു. 2021-22 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിക്കുന്ന ശീർഷകത്തിൽനിന്നും 6-5-21-ന് 5.00 കോടി രൂപ തൊഴിലുറപ്പ് മിഷൻ ഡയറക്ടർക്ക് അനുവദിച്ചു. ശേഷിക്കുന്ന 12.11 കോടി രൂപയിൽ 9 കോടി രൂപ അനുവദിച്ചുകൊണ്ട് 12-7-2021-ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉത്തരവായി. ശേഷിക്കുന്ന 3.11 കോടി രൂപ ധനവിനിയോഗ നിയന്ത്രണമുള്ളതിനാൽ 2021 ജൂലൈ 31-നുശേഷം മാറി നൽകുന്നതാണ്.

(ബി) വേതനം സമയബന്ധിതമായി വിതരണം ചെയ്യാത്തതുമൂലം തൊഴിലുറപ്പ് പദ്ധതിയിൽനിന്നും ആദിവാസികൾ പിന്മാറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ നൽകുന്നതിനുപുറമെ സംസ്ഥാന സർക്കാർ പട്ടികവർഗ്ഗക്കാർക്ക് ടൈബൽ പ്ലസ് പദ്ധതിയിലൂടെ 100 ദിവസം തൊഴിൽ നൽകുന്നുണ്ട്.

(സി) എങ്കിൽ എത്രയും വേഗം കൂടിശ്ശിക വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ടൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

ഗദ്ദിക പദ്ധതി

88(2124) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗങ്ങളിലെ സംരംഭകരുടെ ഉത്പന്നങ്ങൾ ഓൺലൈൻ പോർട്ടൽ മുഖേന വിറ്റഴിക്കുന്ന ഗദ്ദിക പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 200 ഉത്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ടി പദ്ധതി ആരംഭിച്ചത്. ടി പദ്ധതിയുടെ ഭാഗമായി ഇതിനകംതന്നെ പട്ടികജാതി സംരംഭകരുടെ 235 ഉത്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്കിടയിൽ ആരോഗ്യകരമായ മത്സരം നിലനിർത്തുന്നതിന് എല്ലാ വിഭാഗങ്ങളിൽനിന്നും വ്യത്യസ്തമായ ഉത്പന്നങ്ങളാണ് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുള്ളത്. ഓൺലൈൻ പ്ലാറ്റ്ഫോമിൽ എല്ലാ ഉത്പന്നങ്ങൾക്കും ഒരുപോലെ സ്വീകാര്യത ലഭിക്കാത്തതും കോവിഡ് കാലത്ത് കൂടുതൽ ഉത്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കൾ സംരംഭകർക്ക് ലഭ്യമാകാത്തതും ഓൺലൈൻ വിപണിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സാമൂഹിക ക്ഷേമപദ്ധതികൾ

89(2125) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ സാമൂഹിക ക്ഷേമപദ്ധതികളുടെ വിശദവിവരം, പദ്ധതി തുകയും ചെലവാക്കിയ തുകയും ഉൾപ്പെടെ പദ്ധതി തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ പദ്ധതികളും ആനുകൂല്യങ്ങളും പട്ടികയായി നൽകാമോ?

(എ&ബി) വിശദ വിവരങ്ങൾ അനുബന്ധം I* ഉം II *-ഉം ആയി ചേർക്കുന്നു.

ഇരിക്കൂർ മണ്ഡലത്തിൽ ഭവനരഹിതർക്ക് വീട്

90(2126) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ എത്ര വീടുകൾ ഭവനരഹിതർക്ക് നിർമ്മിച്ചുനൽകിയെന്ന് വെളിപ്പെടുത്തുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.